# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – തിരുവനന്തപുരം നഗരസഭ – പട്ടം വാർഡിൽ ചാലക്കുഴി റോഡിൽ കാപ്പിൽ റോഡ് – സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3340/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഡിസംബർ 15, 2009.

---

പരാമർശം: 1. തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ 21-03-2007-ലെ E3/TP6/17579/07 നമ്പർ തീരുമാനം.

2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 09-11-2009-ലെ കത്ത്.

3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06-10-2009-ലെ ലാന്റ് വാല്യു സർട്ടിഫിക്കറ്റ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടേയും പരാമർശം (3)-ലെ കളക്ടറുടെ ലാന്റ് വാല്യു സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ പട്ടം വാർഡിൽ ചാലക്കുഴി റോഡിൽ കാപ്പിൽ റോഡിന് എതിർ വശത്തുള്ള ഇടവഴി വീതി കൂട്ട ുന്നതിന്, പട്ടം വില്ലേജിൽ സർവ്വെ നമ്പർ 238, 237/എ, 179/2-1, 179/ബി2 എന്നി നമ്പരുകളിൽപ്പെട്ട 1.35 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

2. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാകളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

3. അക്വിസിഷൻ സംബന്ധമായി 2000-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ലതാ പണിക്കർ,
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.